**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 530** **10-07-2024 - ൽ മറുപടിയ്ക്ക്**

**പുതിയ സാംസ്കാരിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ ആരംഭിച്ച പുതിയ സാംസ്കാരിക പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ ആരംഭിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം :-**<br><br>1. മഴമിഴി<br><br>2. സ്വാതന്ത്ര്യ സ്മൃതി പാർക്ക്<br><br>3. 'സമം' ലിംഗ സമത്വത്തിനായി ഒരു സാംസ്കാരിക മുന്നേറ്റം<br><br>4. കലാകാരന്മാർക്ക് ഒരു അഭയകേന്ദ്രം/ ഹോം സ്റ്റേ പദ്ധതി<br><br>5, സാംസ്കാരിക പൈതൃക ഗ്രാമം<br><br>6. വിവിധ കലാരൂപങ്ങൾക്കുള്ള ഫെലോഷിപ്പുകൾ<br><br>7. ഗോത്ര കലയുടേയും സംസ്കാരത്തിന്റേയും പ്രോത്സാഹനവും സംരക്ഷണവും<br><br>8. സാംസ്കാരിക പ്രോത്സാഹന പരിപാടികൾ<br><br>9. ശതാബ്ദി ആഘോഷങ്ങൾ വൈക്കം സത്യാഗ്രഹവും ആലുവ സർവമത സമ്മേളനവും<br><br>10. ബാലകേരളം<br><br>**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ**<br><br>കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ചിത്രാഞ്ജലി സ്റ്റുഡിയോ അന്തർദേശീയ |

നിലവാരത്തിലാക്കുവാൻ " Modernization of Chitranjali studio” എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കുകയും ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു.

**<u>കേരള സാഹിത്യ അക്കാദമി:-</u>**

1. അരങ്ങ്- ക്വീർ സാഹിത്യോൽസവം

2.എഴുത്തുകാർ മരിച്ച് 60 വർഷം കഴിഞ്ഞതും കോപ്പിറൈറ്റ് പരിധി അവസാനിച്ചതുമായ 600 പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈനിൽ ലഭ്യമാക്കി.

**<u>കേരള സംഗീത നാടക അക്കാദമി:-</u>**

1. അമേച്വർ നാടകോത്സവം (ഒരു കോടി രൂപയുടെ നാടകനിർമ്മാണ ധനസഹായ പദ്ധതി).
2. തെരുവരങ്ങ്.
3. ഏകപാത്ര നാടകോത്സവം.
4. ഓട്ടൻതുള്ളൽ/ചാക്യാർക്കൂത്ത് മഹോത്സവം.
5. കഥാപ്രസംഗം (സീനിയർ, ജൂനിയർ)
6. ഷഡ്കാലഗോവിന്ദമാരാർ സംഗീതോത്സവം
7. പ്രൊഫഷണൽ നാടകോത്സവം (2 കോടി രൂപയുടെ നാടകനിർമ്മാണ ധനസഹായ പദ്ധതി).
8. അന്താരാഷ്ട്രനാടകോത്സവം.
9. പ്രവാസി നാടകോത്സവം.
10. ദേശീയ ഫോക് ഫെസ്റ്റിവൽ.
11. പൈതൃകോത്സവം.
12. പ്രൊഫഷണൽ നാടകമത്സരം.
13. ഈസ്റ്റ് വെസ്റ്റ് മീറ്റ്

**<u>കേരള ലളിതകലാ അക്കാദമി:-</u>**

1) ഇന്റർനാഷണൽ ആർട്ട് എക്സ്ചേഞ്ച് പ്രോഗ്രാം - ഇന്തോ-ബംഗ്ലാദേശ് ആർട്ട് പ്രോജക്റ്റ്

2) അക്കാദമി എജ്യുക്കേഷണൽ ഔട്ട്റീച്ച് ഇനിഷ്യേറ്റീവ്

3) കേരള ലളിതകലാ അക്കാദമി അബുദാബിയിലെ റിസ്ക് ആർട്ട് ഇനിഷ്യേറ്റീവുമായി കലാസാംസ്ക്കാരിക സഹകരണത്തിന് കൈകോർത്തു.

**<u>കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി:-</u>**

1) ഫിലിം റിമാസ്റ്ററിംഗ് ആൻറ് റെസ്റ്ററേഷൻ

2) മലയാള സിനിമ മ്യൂസിയം

3) വനിതകൾക്കായി സിനിമയുടെ സാങ്കേതിക രംഗത്തെ തൊഴിൽ പരിശീലനം

4) ഗോത്രവർഗ വിഭാഗങ്ങളിലെ കുട്ടികൾക്കായുള്ള ചലച്ചിത്രപഠന പദ്ധതി

5) ഗവേഷണപങ്കാളിത്തവും അക്കാദമിക് രംഗത്തെ സഹകരണവും

6) സർവകലാശാല സമ്പർക്ക സഹകരണ പദ്ധതി.

**കേരള കലാമണ്ഡലം (കൽപിത സർവകലാശാല):-**

സെന്റർ ഫോർ നങ്ങ്യാർകൂത്ത്- സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളിലൊന്നായ സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ എന്ന ശ്രേണിയിൽ ഉൾപ്പെടുത്തി സെന്റർ ഫോർ നങ്ങ്യാർകൂത്ത് എന്ന പദ്ധതി നടപ്പാക്കിയിരുന്നു. കേരളത്തിലെ 14 ജില്ലകളിലും സ്ത്രീകളുടെ കലാരൂപമായ നങ്ങ്യാർകൂത്ത് സോദാഹരണ പ്രഭാഷണവും, അവതരണവും സൗജന്യമായി അവതരിപ്പിച്ചു നൽകുന്നതാണ് ഈ പദ്ധതി.

**കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്:-**

മൂലകവിജ്ഞാനകോശം, മലയാളം സർവകലാശാലയുമായി സഹകരിച്ച് പ്രസിദ്ധീകരിക്കുന്ന 13 ലഘുവിജ്ഞാനകോശങ്ങൾ, മഹാകവി കുമാരനാശാൻ വിജ്ഞാനകോശം, നിർമ്മിത ബുദ്ധി, ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യം, സമുദ്രജൈവ വൈവിധ്യവും സമ്പദ് വ്യവസ്ഥയും, വൈക്കം സത്യാഗ്രഹം, ദലിത് സാഹിത്യം, കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം എന്നീ വിഷയാധിഷ്ഠിത ലഘുവിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണം, ശ്രീനാരായണഗുരു വിജ്ഞാനകോശം, സ്ത്രീ മുന്നേറ്റ ചരിത്രം എന്നീ ഏകവാല്യങ്ങളുടെയും മനഃശാസ്ത്ര വിജ്ഞാനകോശം, ലോകരാഷ്ട്രങ്ങൾ, ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്ര വിജ്ഞാനകോശം എന്നിവയാണ് ഈ സർക്കാർ വന്നതിന് ശേഷമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതികൾ.

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം, പുസ്തകങ്ങളെ കൂടുതൽ ജനകീയമാക്കുക എന്ന

ലക്ഷ്യത്തോടെ '**ബാലസാഹിതി'** എന്ന യൂട്യൂബ് പരിപാടി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്ന പുസ്തകങ്ങളെ എഴുത്തുകാർ തന്നെ പരിചയപ്പെടുത്തുന്നു എന്നതാണ് ഈ പരിപാടിയുടെ പ്രത്യേകത. 'തളിര്' വരിക്കാരായ മിടുക്കരായ കുട്ടികളാണ് പരിപാടിയുടെ അവതാരകർ.

**<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് :-</u>**

വൈജ്ഞാനിക സാഹിത്യ ഗ്രന്ഥങ്ങൾക്ക് മൂന്ന് വിഭാഗങ്ങളിലായി പുരസ്കാരങ്ങൾ നൽകി വരുന്നു. എൻ.വി കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനികപുരസ്കാരം, എം.പി കുമാരൻ സ്മാരക വിവർത്തന പുരസ്കാരം എന്നിവയും ശാസ്ത്രം/ ശാസ്ത്രേതരം എന്നീ വിഭാഗങ്ങളിലായി ഡോ. കെ.എം ജോർജ്ജ് സ്മാരക ഗവേഷണ പുരസ്കാരവും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകി വരുന്നു.

**<u>പൈതൃക പഠനകേന്ദ്രം:-</u>**

'കേരളത്തിന്റെ മഹാശിലായുഗ അവശേഷിപ്പുകളുടെയും പുരാവസ്തുക്കളുടെയും പൈതൃകഘടകങ്ങളുടെയും പ്രാമാണീകരണവും പ്രസിദ്ധീകരണവും ലിഖിതങ്ങളുടെ എസ്റ്റാമ്പേജ് തയ്യാറാക്കലും' എന്ന പുതിയ പദ്ധതി പഠനകേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്.

**<u>മലയാളം മിഷൻ</u>**

അതിഥി തൊഴിലാളികളെ മലയാളഭാഷ പഠിപ്പിക്കുന്നതിനായുള്ള 'അനന്യമലയാളം' പദ്ധതി പ്രവാസ ലോകത്ത് മലയാളം മിഷൻ പഠന കേന്ദ്രങ്ങളിൽ നേരിട്ടെത്തി മലയാളം ഭാഷ പഠിക്കാൻ കഴിയാത്ത കുട്ടികൾക്ക് അവർ പഠിക്കുന്ന വിദ്യാലയങ്ങളിൽ നിന്നു തന്നെ മലയാളം മിഷന് കോഴ്സുകളിൽ രജിസ്റ്റർ ചെയ്ത് പഠിക്കാൻ അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'കുട്ടിമലയാളം' പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>വൈലോപ്പിള്ളി സംസ്കൃതി ഭവൻ :-</u>**

വിദ്യാർത്ഥികളിൽ സാംസ്കാരിക അവബോധം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് വൈലോപ്പിള്ളി സംസ്കൃതി ഭവൻ നോഡൽ ഏജൻസിയായി പ്രവർത്തിച്ചു കൊണ്ട് 'ബാലകേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ലഹരിക്കുമെതിരെ സ്കൂൾ വിദ്യാർത്ഥികളിൽ യുക്തി ബോധവും ശാസ്ത്ര ചിന്തയും പൗരബോധവും വളർത്തി വ്യക്തിത്വവികാസം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ

പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തലങ്ങളിൽ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുള്ളതാണ് ബാലകേരളം പദ്ധതി.

**ഭാരത് ഭവൻ:-**

- കോവിഡ് കാലത്ത് കലാ സമൂഹങ്ങൾക്ക് ധനസഹായം നൽകി ഓൺലൈനായി ഒരുക്കിയ 'മഴമിഴി' മൾട്ടി മീഡിയ മെഗാ സ്ട്രീമിങ്.
- ഗോത്രകലാ സമൂഹങ്ങൾക്ക് കൈത്താങ്ങും ഉണർവുമായി മാറിയ 'തളിർമിഴി' എർത്ത് ലോർ 2023 ഗോത്രയാത്ര.
- കേരളത്തിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സർഗ്ഗ പ്രകാശനത്തിന് വേദി ഒരുക്കിയ മഴമിഴി COMPASSION 2024
- കടൽ മിഴി തീരദേശസർഗ്ഗ യാത്ര. തീരദേശങ്ങളിലെ കലാപ്രതിഭകൾക്ക് ആത്മപ്രകാശനത്തിനുള്ള വേദിയും ഒപ്പം ഓരോ കലാകാരനും മൂവായിരം രൂപ വീതം സാമ്പത്തിക സഹായവും നൽകുന്നതിനായി സാംസ്കാരിക വകുപ്പിന് വേണ്ടി, കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ ഒരുക്കുന്ന പദ്ധതിയാണ് കടൽമിഴി തീരദേശ സർഗ്ഗയാത്ര

**കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്**

**1. പ്രചോദനത്തിന്റെ പ്രവാചകർ - Documentary**

എഴുത്ത്, ജീവിത ദർശനം, അധ്യാപന മികവ് എന്നിവയാൽ തലമുറകളെ പ്രചോദിപ്പിച്ചവരുടെ അധ്യാപനശൈലി വരും തലമുറയ്ക്ക് പകർന്ന് നൽകാൻ സംസ്ഥാന സാംസ്കാരിക വകുപ്പ് രൂപം നൽകുന്ന ദൃശ്യപരമ്പരയാണ് ‘‘പ്രചോദനത്തിന്റെ പ്രവാചകർ".

**2. ബുക്ക് കോർണർ**

പുസ്തകാസ്വാദകരെ ആകർഷിക്കുന്നതിനായി ‘‘ബുക്ക്കോർണർ’’ എന്ന പേരിൽ പ്രദർശന വിപണന കേന്ദ്രം ആരംഭിച്ചു .

**3.ബുക്ക് കഫേ**

വായന, വിൽപ്പന, കൂടിചേരൽ, സംവാദം, കോഫി എന്നീ തലങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ബുക്ക്മാർക്ക്

| | | | |
|---|---|---|---|
| | | | ആരംഭിച്ച പുതിയ സംരംഭമാണ് കഫേ മാർക്ക്. അയ്യങ്കാളി ഹാൾ പരിസരത്ത് വായനയ്ക്കും സംവാദങ്ങൾക്കും പ്രത്യേക സൗകര്യം ഒരുക്കി രാവിലെ 9 മുതൽ രാത്രി 9 വരെ കഫേ മാർക്ക് ഇവിടെ പ്രവർത്തിക്കുന്നു.<br><br>**<u>4. 1000 രൂപയ്ക്ക് 1555 രൂപയുടെ പുസ്തകങ്ങൾ- ഒരു കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് പദ്ധതി.</u>**<br><br>ജനങ്ങളുടെ വായനാശീലം വർദ്ധിപ്പിക്കുകയും സാധാരണക്കാർക്ക് അവർ ആഗ്രഹിക്കുന്ന പുസ്തകങ്ങൾ താരതമ്യേന വിലക്കിഴിവിൽ പുസ്തകങ്ങൾ സ്വന്തമാക്കാൻ കഴിയുക എന്ന ലക്ഷ്യത്തോടെ " 1000രൂപയ്ക്ക് 1555 രൂപയുടെ പുസ്തകങ്ങൾ" എന്ന പദ്ധതിയിലൂടെ കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് ലക്ഷ്യം വയ്ക്കുന്നു.<br><br>5**<u>. SSK പ്രോജക്ട്.</u>**<br><br>കേരള സ്റ്റേറ്റ് ബുക്ക്മാർക്കിനെ ഉൾപ്പെടുത്തിയാണ് സമഗ്ര ശിക്ഷാ കേരളം സംഘടിപ്പിക്കുന്ന പുസ്തക വിതരണ പദ്ധതി വിവിധ ബി ആർ സി കളെ കേന്ദ്രീകരിച്ച് നടത്തി വരുന്നത്<br><br>**6.** ബുക്ക്മാർക്ക് സ്വന്തമായി പബ്ലിക്കേഷൻ ആരംഭിക്കുകയും മൂന്ന് പുസ്തകങ്ങൾ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>7. ദ്വൈമാസിക വാരിക</u>**<br><br>സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, കേരളത്തിന്റെ സാംസ്കാരിക പൈതൃകങ്ങൾ, സാമൂഹിക സാംസ്കാരിക രംഗത്തെ പുതിയ കാഴ്ചപ്പാടുകൾ തുടങ്ങിയവ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായുള്ള ദ്വൈമാസ പ്രസിദ്ധീകരണം ആരംഭിച്ചിട്ടുണ്ട്.<br><br>**<u>വാസ്തുവിദ്യാ ഗുരുകുലം</u>**<br><br>കേരളീയ കലാകരകൗശല പെരുമയെ നിലനിർത്തുവാനും, ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച 'ഗ്രാമീണകലാകേന്ദ്രം' പദ്ധതിയുടെ ഭാഗമായി കൂടുതൽ പൈതൃക ഗ്രാമങ്ങളെ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ഏതെല്ലാം സാംസ്കാരിക പദ്ധതികൾ നിലവിലെ | (ബി) | സാംസ്കാരിക വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ തുടർ പദ്ധതികളായതിനാൽ |

| | | | |
|---|---|---|---|
| | സർക്കാർ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | നിലവിലും തുടർന്ന് വരുന്നു. നവോത്ഥാന സാംസ്കാരിക നായകൻമാരുടെ പേരിൽ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിലെ സാംസ്കാരിക സമുച്ചയം പൂർത്തിയാവുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം 90% ത്തോളം പൂർത്തിയായിട്ടുണ്ട്. സ്കൂൾതലം മുതൽ തന്നെ കുട്ടികളിൽ കല പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കലാസൃഷ്ടികൾ പ്രദർശിപ്പിക്കാനുതകുന്ന രീതിയിൽ ആർട്ട് ഗ്യാലറികൾ സജ്ജീകരിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത സ്കൂൾ ആർട്ട് ഗ്യാലറി പദ്ധതി പരിഷ്കരിച്ച രീതിയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി. കേരളത്തിന്റെ ദൃശ്യകലാ സംസ്കാരത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടമായി കേരള ലളിതകലാ അക്കാദമി കോഴിക്കോട് കാരപറമ്പ് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ആധുനിക രീതിയിൽ ആർട്ട് ഗ്യാലറി സജ്ജീകരിച്ചിട്ടുണ്ട്.<br><br>കലാകാരന്മാർക്ക് താമസിച്ച് ചിത്ര, ശില്പ നിർമാണം നടത്തുന്നതിനായി കേരള ലളിതകലാ അക്കാദമി കിളിമാനൂർ രാജാ രവിവർമ സാംസ്കാരിക നിലയത്തിൽ നിർമ്മിച്ച നാല് സ്റ്റുഡിയോ റൂമുകൾ, ഒരു ലോബി, ഡൈനിങ് ഏരിയ, കിച്ചൺ എന്നിവയടങ്ങുന്ന ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചുവെങ്കിലും ഈ സർക്കാരിന്റെ കാലത്താണ് പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായത്.<br><br>2016 മുതൽ കേരള ലളിതകലാ അക്കാദമി ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ സാംസ്കാരിക പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1) വഴിയോരശില്പ പദ്ധതി<br><br>2) കാനായി കുഞ്ഞിരാമന്റെ ശില്പം<br><br>3) സ്കൂൾ ശില്പ പദ്ധതി |

| | | | |
|---|---|---|---|
| | | | കേരള ഫോക് ലോർ അക്കാദമിയുടെ കീഴിൽ കോട്ടയം ഫോക് വില്ലേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കലാഭവൻ മണി സ്മാരക നിർമ്മാണം, കണ്ണപുരം കലാഗ്രാമം കെട്ടിട നിർമ്മാണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | 2016 മുതലുള്ള സർക്കാരുകൾ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ സാംസ്കാരിക പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | സാംസ്കാരിക വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ തുടർ പദ്ധതികളായതിനാൽ നിലവിലും തുടർന്ന് വരുന്നു. നവോത്ഥാന സാംസ്കാരിക നായകൻമാരുടെ പേരിൽ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിലെ സാംസ്കാരിക സമുച്ചയം പൂർത്തിയാവുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം 90% ത്തോളം പൂർത്തിയായിട്ടുണ്ട്. സ്കൂൾതലം മുതൽ തന്നെ കുട്ടികളിൽ കല പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കലാസൃഷ്ടികൾ പ്രദർശിപ്പിക്കാനുതകുന്ന രീതിയിൽ ആർട്ട് ഗ്യാലറികൾ സജ്ജീകരിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത സ്കൂൾ ആർട്ട് ഗ്യാലറി പദ്ധതി പരിഷ്കരിച്ച രീതിയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി. കേരളത്തിന്റെ ദൃശ്യകലാ സംസ്കാരത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടമായി കേരള ലളിതകലാ അക്കാദമി കോഴിക്കോട് കാരപറമ്പ് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ആധുനിക രീതിയിൽ ആർട്ട് ഗ്യാലറി സജ്ജീകരിച്ചിട്ടുണ്ട്.<br><br>കലാകാരന്മാർക്ക് താമസിച്ച് ചിത്ര, ശില്പ നിർമാണം നടത്തുന്നതിനായി കേരള ലളിതകലാ അക്കാദമി കിളിമാനൂർ രാജാ രവിവർമ സാംസ്കാരിക നിലയത്തിൽ നിർമ്മിച്ച നാല് സ്റ്റുഡിയോ റൂമുകൾ, ഒരു ലോബി, ഡൈനിങ് ഏരിയ, കിച്ചൺ എന്നിവയടങ്ങുന്ന ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചുവെങ്കിലും ഈ സർക്കാരിന്റെ കാലത്താണ് പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായത്.<br><br>2016 മുതൽ കേരള ലളിതകലാ അക്കാദമി ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ സാംസ്കാരിക |

| | | | |
|---|---|---|---|
| | | | പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1) വഴിയോരശില്പ പദ്ധതി<br><br>2) കാനായി കുഞ്ഞിരാമന്റെ ശില്പം<br><br>3) സ്കൂൾ ശില്പ പദ്ധതി<br><br>കേരള ഫോക് ലോർ അക്കാദമിയുടെ കീഴിൽ കോട്ടയം ഫോക് വില്ലേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കലാഭവൻ മണി സ്മാരക നിർമ്മാണം, കണ്ണപുരം കലാഗ്രാമം കെട്ടിട നിർമ്മാണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ